## പാഠം 18 B

ഇപ്പോൾ നാം അറബിയിലെ എല്ലാ അക്ഷരങ്ങളെയും പരിചയപ്പെട്ടു. ഈ പരിചയം നിത്യേനയുള്ള പരിശീലനം ഇല്ലാതായാൽ മറന്നുപോകും. അതിനാൽ കൂടുതൽ പറയുകയും എഴുതുകയും വേണം. ഇവിടെ എല്ലാ അക്ഷരങ്ങളെയും ഇട കലർത്തിക്കൊണ്ടുള്ള കൂടുതൽ വാക്കുകളെ പരിചയപ്പെടുത്താനാണ് ശ്രമിക്കുന്നത്. കൂടുതൽ ശ്രദ്ധ ഇവിടെ ആവശ്യമാണെന്നുണർത്തട്ടെ. പ്രധാനമായും നാമങ്ങളാണ് ഉദാഹരണമായി സ്വീകരിക്കുന്നത്. അവ എഴുതുക മാത്രമല്ല ഓർമിക്കുകയും ചെയ്യണം. ഒരു ഭാഷ എന്ന നിലക്ക് കൂടുതൽ ഉപകാരപ്പെടും. ചേർത്ത് എഴുതുന്ന രീതിയും ശ്രദ്ധിക്കുക. ഓരോ അക്ഷരത്തിന്റെയും താഴെ അതിന്റെ മലയാളവും ചേർത്തിട്ടുണ്ട്. ഇതോടെ അക്ഷരങ്ങളെ പരിചയപ്പെടുത്തുന്ന ഒന്നാം ഘട്ടം അവസാനിക്കുകയാണ്.



| അസദ് أَسَدْ | د | سَ | أَ |
|---|---|---|---|
| സിംഹം | ദ് | സ | അ |



| ഥൗർ ثَوْر | ر | وْ | ثَ |
|---|---|---|---|
| കാള | ർ | വ് | ഥ |

ഥവ്ർ എന്ന് പറയേണ്ട. ഥൗർ എന്നാണ് ഉച്ചാരണം.



| ജമൽ جَمَل | ل | مَ | جَ |
|---|---|---|---|
| ഒട്ടകം | ൽ | മ | ജ |

| ഹബ്ൽ حَبْل | ل | بْ | حَ |
|---|---|---|---|
| കയർ | ൽ | ബ് | ഹ |



| ഖൈൽ خَيْل | ل | يْ | خَ |
|---|---|---|---|
| കുതിര | ൽ | യ് | ഖ |



| ദവാഅ് دَوَاء | ء | وَا | دَ |
|---|---|---|---|
| മരുന്ന് | അ് | വാ | ദ |



| ദുബാബ് ذُبَابْ | ب | بَا | ذُ |
|---|---|---|---|
| ഈച്ച | ബ് | ബാ | ദു |

'ദ' നാവിന്റെ അഗ്രം മേൽവരിപല്ലിന്റെ താഴെ മൃതുവായി വെച്ച് ഉച്ചരിക്കുകണം.



| | | | |
|---|---|---|---|
| റജുൽ رَجُل | ل | جُ | رَ |
| പുരുഷൻ | ൽ | ജു | റ |

| | | | | | | |
|---|---|---|---|---|---|---|
| സൻജബീൽ زَنْجَبِيل | ل | ي | بِ | جَ | نْ | زَ |
| ഇഞ്ചി | ൽ | ീ | ബ | ജ | ൻ | സ |

ഇവിടെ ആദ്യം എഴുതിയ സ എന്ന അക്ഷരം മലയാളത്തിലെ സ അല്ല. ഉച്ചാരണത്തിൽ ഇംഗ്ലീഷിലെ Z നോട് സമാനമാണത്.

| | | | |
|---|---|---|---|
| സമക് سَمَك | ك | مَ | سَ |
| മത്സ്യം | ക് | മ | സ |



| | | | |
|---|---|---|---|
| ശഹീദ് شَهِيد | د | ي هِـ | شَ |
| രക്തസാക്ഷി | ദ് | ഹീ | ശ |

| | | | |
|---|---|---|---|
| സൗം صَوْم | م | وْ | صَ |
| വ്രതം | മ് | വ് | സ്വ |

| | | | | |
|---|---|---|---|---|
| ദ്വിഫ്ദിഅ് ضِفْدِع | ع | دِ | فْ | ضِ |
| തവള | അ് | ദി | ഫ് | ദ്വി |

| | | | |
|---|---|---|---|
| ത്വബ്ൽ طَبْل | ل | بْ | طَ |
| തബല | ൽ | ബ് | ത്വ |

| | | | |
|---|---|---|---|
| ള്വുഫ്ർ ظُفْر | ر | فْ | ظُ |
| നഖം | ർ | ഫ് | ള്വു |

| | | | | | |
|---|---|---|---|---|---|
| അൻകബൂത്ത് عَنْكَبُوت | ت | بُو | كَ | نْ | عَ |
| ചിലന്തി | ത്ത് | ബൂ | ക | ൻ | അ |





| | | | |
|---|---|---|---|
| ഗനം غَـنَـم | م | نَ | غَ |
| ആട് | മ് | ന | ഗ |

| | | | |
|---|---|---|---|
| ഫഅ്റ് فَـأْر | ر | أْ | فَ |
| എലി | റ് | അ് | ഫ |





| | | | |
|---|---|---|---|
| ഖിർദ് قِـرْد | د | رْ | قِ |
| കുരങ്ങ് | ദ് | ർ | ഖി |

| | | | | |
|---|---|---|---|---|
| കൻഗർ كَـنْغَـر | ر | غَ | نْ | كَ |
| കങ്കാരു | ർ | ഗ | ൻ | ക |



ഇതിൽ ഉപയോഗിച്ച ഗ എന്ന വാക്ക് മലയാളത്തിൽ പറയുന്ന ഗ അല്ല. തൊണ്ടയുടെ അങ്ങേഅറ്റത്തു നിനാണ് ഈ ശബ്ദം പുറപ്പെടുന്നത്.

| | | | | |
|---|---|---|---|---|
| ലയ്മൂർ لَيْـمُـور | ر | مُو | يْ | لَ |
| മലയണ്ണാൻ | ർ | മൂ | യ് | ല |



| | | | |
|---|---|---|---|
| മാഇസ് مـاعِـز | ز | عِ | مَا |
| ആട് | സ് | ഇ | മാ |





| | | | | |
|---|---|---|---|---|
| നആമത് نُعَـامَـة | ة | مَ | عَا | نُ |
| ഒട്ടകപ്പക്ഷി | ത് | മ | ആ | ന |



| | | | | |
|---|---|---|---|---|
| ഹുദ്ഹുദ് هُـدْهُـد | د | هُ | دْ | هُ |
| മരക്കൊത്തി | ദ് | ഹു | ദ് | ഹു |

| | | | |
|---|---|---|---|
| വുഖൂദ് وُقُـود | د | قُو | وُ |
| വിറക് | ദ് | ഖൂ | വു |



| | | | | |
|---|---|---|---|---|
| യുസ്റൂഅ്  يسروع | ع | رُو | سْ | يُ |
| കൊമ്പൻപുഴു | അ് | റൂ | സ് | യു |

ഇവ എഴുതി പഠിക്കുക